# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1925 — 14.8.2017-ൽ മറുപടിയ്ക്ക്

### ഗവൺമെന്റ് ആയുർവേദ കോളേജിൽ പഞ്ചകർമ്മ ചികിത്സ

| | ചോദ്യം<br>ശ്രീ.ഒ.രാജഗോപാൽ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | നേമം നിയോജക മണ്ഡലത്തിലെ പൂജപ്പുരയിലുള്ള ഗവൺമെന്റ് ആയുർവേദ കോളേജിനെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; ഇതിനു വേണ്ട വിശദമായ പ്രോജക്ട് തയ്യാറാക്കാമോ; | (എ) | പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയെ ലോകോത്തര നിലവാരത്തിലുള്ള ഒരു സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ഒന്നും നിലവിലില്ല. എന്നാൽ പ്രസ്തുത ആശുപത്രിയുടെ വികസനത്തിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആശുപത്രി ക്യാമ്പസിനുള്ളിൽ ഒരു ഒഫ്താൽമോളജി & പാര സർജ്ജിക്കൽ & ക്യാൻസർ കെയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ പഞ്ചകർമ്മ ആശുപത്രിയിൽ വൃദ്ധജന പരിപാലനത്തിനായി ഒരു ജെറിയാട്രിക് കെയർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി 75 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പഞ്ചകർമ്മ ആശുപത്രി ക്യാമ്പസിൽ സി.പി.സി.എസ്.ഇ.എ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഒരു അനിമൽ ഹൗസ് നിർമ്മിക്കുന്നതിന് 40 ലക്ഷം രൂപ 2016-17-ൽ അനുവദിച്ചിട്ടുണ്ട്. പഞ്ചകർമ്മ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മുഖേന പുതിയ പേവാർഡ് നിർമ്മാണ നടപടികൾ പൂർത്തിയായി വരുന്നു. പഞ്ചകർമ്മ ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനവും അന്തിമ ഘട്ടത്തിലാണ്. പഞ്ചകർമ്മ ആശുപത്രി ക്യാമ്പസിനുള്ളിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ഭാവി വികസനത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ച് വരികയാണ്. |
| ബി) | ഇതിനായി അടുത്ത സാമ്പത്തിക വർഷം തുക വകയിരുത്തുമോ; | (ബി) | ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് മുൻ വർഷങ്ങളിലേതു പോലെ അടുത്ത സാമ്പത്തിക വർഷവും തുക വകയിരുത്തുവാൻ ഉദ്ദേശിക്കുന്നു. |
| സി) | നിശ്ചിത വരുമാനത്തിൽ താഴെയുള്ളവർക്ക് സൗജന്യ പഞ്ചകർമ്മ ചികിത്സ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ നിശ്ചിത വരുമാനത്തിൽ താഴെയുള്ളവർക്ക് ചികിത്സയും ഭക്ഷണവും സൗജന്യമായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ